**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3278** **13-07-2022 - ൽ മറുപടിയ്ക്ക്**

**ദുരന്ത നിവാരണ സാക്ഷരതാ യജ്ഞം നടപ്പിലാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ഡോ സുജിത് വിജയൻപിള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിന് പ്രാപ്തരാക്കുന്ന തരത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ദുരന്ത നിവാരണ സാക്ഷരതാ യജ്ഞം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട് .<br><br>ദുരന്തസാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി , ദേശീയ ദുരന്ത നിവാരണ പരിശീലന കേന്ദ്രത്തിന്റെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ഒരു ഡെപ്യൂട്ടി തഹസിൽദാറിനെ വീതം വിദഗ്ധ പരിശീലകരാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അവബോധം നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഇവർ മുഖാന്തരം നടപ്പിലാക്കുന്നതാണ്. അന്യസംസ്ഥാന അതിഥി തൊഴിലാളികളെ പരിഗണിച്ചുകൊണ്ട് തമിഴ്,ഹിന്ദി, ആസാമി , ബംഗ്ലാ (ബംഗാളി), മൈഥിലി (ബീഹാർ) എന്നിങ്ങനെ അഞ്ച് ഭാഷകളിലായി കേരളത്തിലെ 16 വ്യത്യസ്ഥ ദുരന്ത സാധ്യതകളെ പ്രതിപാദിക്കുന്ന വീഡിയോ ഡോക്യുമെന്ററിയും ബ്രോഷറുകളും തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ പരിശീലന കേന്ദ്രം ഫേസ്ബുക്ക് പേജ് , യൂട്യൂബ് ചാനലുകൾ ,മറ്റ് സോഷ്യൽ മീഡിയ അക്കൗണ്ടുകൾ മുഖാന്തരം ഇവ ജനങ്ങളിലേക്ക് എത്തിച്ചു നൽകുന്നു . കൗമാരക്കാരായ യുവത്വത്തിൻറെ കഴിവുകൾ ദുരന്തനിവാരണ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലേയും ലൈബ്രറികളിലേക്ക് കാലാവസ്ഥാ വ്യതിയാനം, ദുരന്താനന്തര മാനസിക സാമൂഹിക പരിചരണം, കേരളത്തിലെ നദീ സംരക്ഷണം എന്നീ വിഷയങ്ങളിൽ കൈപ്പുസ്തക മാർഗ്ഗരേഖകൾ തയ്യാറാക്കി നൽകുന്നുണ്ട്. |
| (ബി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ മികവിന്റെ കേന്ദ്രമാക്കി | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | മാറ്റുന്നതിനായി കർമ്മപരിപാടി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ജില്ലകൾ തോറും വികേന്ദ്രീകൃത പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും എത്തിക്കുന്നതിനായി "ഭൂമിക" എന്ന പേരിൽ ഒരു മാസികയും , നവ സാമൂഹിക മാധ്യമ സേവനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് 'നിങ്ങൾക്കറിയാമോ' എന്ന പേരിൽ പ്രതി ദിന വാർത്താശകലങ്ങളും പുറത്തിറക്കുന്നു.ലാൻഡ് ഗവർണൻസ്, ഡിസാസ്റ്റർ മാനേജ്മെന്റ് , റിവർ മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ MBA കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് ആവശ്യമായ പാരിസ്ഥിതിക അനുമതി നേടുന്നതിനുള്ള ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (ഡി.എസ്.ആർ) തയ്യാറാക്കുന്ന പ്രവർത്തനം നടപ്പിലാക്കിവരുന്നു . ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം , ഡിജിറ്റൽ ക്ലാസ് മുറി, ദുരന്ത സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ഉരുൾപൊട്ടൽ സംബന്ധിച്ച് ഒരു അന്താരാഷ്ട്ര ശില്പശാല എന്നിവ വിഭാവനം ചെയ്യുന്നു. റവന്യൂ-ദുരന്ത നിവാരണ-നദീ സംരക്ഷണ വിഷയങ്ങളിൽ ആവശ്യമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി ഉദ്യോഗസ്ഥർക്കും പൊതു ജനങ്ങൾക്കും ലഭ്യമാക്കുന്നു. ഐ.എൽ.ഡി.എം നെ മികവിന്റെ കേന്ദ്രമാകുന്നതിന്റെ ഭാഗമായി ലാൻഡ് ഗവേർണൻസ് സെന്റർ, ലൈറ്റ്നിങ് റിസർച്ച് സെന്റർ, ക്രൗഡ് റിസ്ക് റിസർച്ച് സെന്റർ, IGNOU സ്റ്റഡി സെന്റർ, ഡിസാസ്റ്റർ ട്രോമ കൗൺസിലിംഗ് സെൻറർ എന്നീ ഉപകേന്ദ്രങ്ങൾ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഐ.എൽ.ഡി.എം - ലെ ഗവേഷണ കേന്ദ്രമായ റിവർ മാനേജ്മെന്റ് സെന്ററിൽ (RMC) സംസ്ഥാനത്തെ നദികളുടെ തീരം സംരക്ഷിക്കുന്നതിനും മണൽവാരൽ നിയന്ത്രണം നടപ്പിലാക്കുന്നതിനും സാൻഡ് ഓഡിറ്റിങ്ങും, റിവർ ബാങ്ക് മാപ്പിങ്ങും, പ്രളയ നിരപ്പ് സൂചകങ്ങൾ സ്ഥാപിക്കലും നിർവ്വഹിക്കുന്നു . ഓൺലൈൻ ലിറ്ററേച്ചർ ഉൾപ്പെടെ ലഭ്യമാകുന്ന ഡിജിറ്റൽ ലൈബ്രറി സംവിധാനങ്ങളും മികച്ച പഠന സൗകര്യം ഒരുക്കാൻ പര്യാപ്തമായ ഹോസ്റ്റൽ സംവിധാനങ്ങളും ഹരിതാഭയാർന്ന ഉദ്യാനങ്ങളും , ക്യാന്റീൻ- മിനി കഫറ്റീരിയ സംവിധാനങ്ങളും സജ്ജീകരിച്ചുകൊണ്ടിരിക്കുന്നു . ഇവ നടപ്പ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം തന്നെ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | റവന്യൂ ഇൻഫർമേഷൻ ബ്യൂറോ തുടങ്ങുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ഐ.എൽ.ഡി.എം ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട് . ലൈവ് സ്റ്റുഡിയോ, മീഡിയ സെൻറർ പ്രവർത്തനങ്ങൾ,യു-ട്യൂബ് ചാനൽ പബ്ലിക്കേഷനുകൾ തുടങ്ങിയവ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ മുഖാന്തരം നിർവഹിക്കപ്പെടുന്നതാണ്. പൊതുജനങ്ങളെയും ജീവനക്കാരെയും വിവിധ റവന്യൂ വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുന്നതിനായി ചെറിയ വീഡിയോകൾ നിർമ്മിച്ചു പ്രചരിപ്പിക്കുക, ചെറിയ കൈപുസ്തകങ്ങൾ നിർമ്മിച്ചു പ്രചരിപ്പിക്കുക എന്നിവയും റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങളാണ്. |

സെക്ഷൻ ഓഫീസർ